**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3316** **25-10-2021 - ൽ മറുപടിയ്ക്ക്**

**മൂവാറ്റുപുഴ കടവൂർ വില്ലേജിലെ കുടിയേറ്റ കർഷകർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മൂവാറ്റുപുഴ പൈങ്ങോട്ടൂർ പഞ്ചായത്തിലെ കടവൂർ വില്ലേജിൽ 1977 മുതൽ കുടിയേറ്റ കർഷകരായി താമസിച്ചുവരുന്നവരിൽ ഉപാധി രഹിത പട്ടയം ലഭിക്കാത്ത എത്ര കുടുംബങ്ങളുണ്ടെന്ന് അറിയിക്കാമോ; | (എ) | ഏകദേശം 400 കുടുംബങ്ങൾ ഉണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് ഉപാധി രഹിത പട്ടയം നൽകുന്നതിനുള്ള തടസ്സം എന്തെന്നറിയിക്കാമോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കടവൂർ വില്ലേജ് സർവ്വെ 1111/1, 1047/1 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട കൈവശങ്ങൾക്കാണ് പട്ടയം നല്കുവാൻ സാധിക്കാത്തത്. ടി ഭൂമി വനഭൂമിയിൽ ഉൾപ്പെട്ടു വരുന്നതിനാൽ പതിച്ചു കൊടുക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യമുള്ളതാണ്. എന്നാൽ ടി ഭൂമി അംഗീകൃത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്കേ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | പൂർണമായും സാധുതയുള്ള പട്ടയം ഇല്ലാത്തതിനാൽ ഈ കുടുംബങ്ങൾ ഭവനനിർമ്മാണ ധനസഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളിൽ നിന്നും നിരന്തരമായി പുറന്തള്ളപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഈ കുടുംബങ്ങൾക്ക് ഉപാധി രഹിത പട്ടയം എന്ന് നൽകുവാൻ കഴിയും; വ്യക്തമാക്കാമോ? | (ഡി) | റവന്യൂ-വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്കേ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ